200

കേരള സർക്കാർ

നം. 2-എ എസ്- 1/2016 പൊതുവിദ്യാഭ്യാസ വകുപ്പ്

തിയതി. 07 /12/2016.

സ്പെഷ്യൽ സെക്രട്ടറി

സ്വീകർത്താവ്

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ, ഹയർസെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
3. ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കണ്ടറി, തിരുവനന്തപുരം

സർ,

വിഷയം:- ഹരിത കേരളം സുന്ദര കേരളം - സ്കൂൾ കുട്ടികൾക്കുള്ള സന്ദേശം - സംബന്ധിച്ച്.

2016 ഡിസംബർ 8-ാം തീയതി ഹരിത കേരളം പദ്ധതിയ്ക്ക് നാം തുടക്കമിടുകയാണല്ലോ. ഇതിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, കുടിവെള്ള സംരക്ഷണ, മാലിന്യ നിർമാർജ്ജനം മുതലായ സാമൂഹ്യ സംരക്ഷണ പരിപാടികളിൽ വിദ്യാർത്ഥികളുടെ പങ്ക് വളരെ വലുതാണ് ഇതിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടുള്ള സന്ദേശം എല്ലാ കുട്ടികളിലും അതിലൂടെ എല്ലാ കുടുംബങ്ങളിലും എത്തിക്കേണ്ടത് അനിവാര്യമാണ്.

എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാരും അനുബന്ധമായി ചേർത്തിരിക്കുന്ന സന്ദേശം എല്ലാ വിദ്യാലങ്ങളിലും എത്തിക്കുകയും എല്ലാ വിദ്യാർത്ഥികളിലും ഈ സന്ദേശം ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. സന്ദേശത്തിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.

' പാഴ് വസ്തുക്കൾ കുറയ്ക്കൂ ഭൂമിയെ സംരക്ഷിക്കൂ'. 'മാലിന്യങ്ങൾ വലിച്ചെറിയുന്നത് ഒഴിവാക്കുക' 'പ്ലാസ്റ്റിക്കുകൾ കത്തിക്കരുത്' തുടങ്ങിയവ പോസ്റ്ററുകൾ തയ്യാറാക്കി പ്രദർശിപ്പിച്ച് ബോധന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

കെ. ഗോപാലകൃഷ്ണ ഭട്ട്, ഐ എ സ്
സ്പെഷ്യൽ സെക്രട്ടറി

ഹരിത നിയമാവലി

# വിദ്യാർത്ഥികൾക്കുള്ള സന്ദേശം

ഭൂമിയിലെ പരിമിതമായ വിഭവങ്ങളുടെ കാര്യക്ഷമവും, ശാസ്ത്രീയമായ ഉപഭോഗവും ഉറപ്പാക്കുന്നതോടൊപ്പം, മനുഷ്യന് ഇന്ന് വലിയൊരു ബാധ്യതയായി മാറികൊണ്ടിരിക്കുന്ന മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനു വേണ്ടിയും പാലിക്കപ്പെടേണ്ട പ്രവർത്തന രീതിയാണ് ഗ്രീൻ പ്രോട്ടോക്കോൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മാലിന്യ പരിപാലനത്തിലെ ഏറ്റവും അടിസ്ഥാനപരവും കൂടിയാണ് മാലിന്യങ്ങളുടെ അളവ് കുറയ്ക്കുക എന്നത്. വഴിയരികിലും ഓടകളിലും പൊതു സ്ഥലങ്ങളിലുമൊക്കെ കുമിഞ്ഞുകൂടുന്ന മാലിന്യങ്ങളിൽ വലിയൊരളവ് നാം ഒരല്പം മനസ്സുവച്ചാൽ ഒഴിവാക്കാൻ സാധിക്കുന്നവയാണ്. ഇതിനുള്ള ക്രിയാത്മക പോംവഴി കൂടിയാണ് ഗ്രീൻ പ്രോട്ടോക്കോൾ. കത്തിച്ചു കളയ്ക്കുന്നതും കുമിഞ്ഞു കൂടുന്നതുമായ മാലിന്യങ്ങളിലെ പുനരുപയോഗ-പുന:ചംക്രമണ സാധ്യമായ പാഴ് വസ്തുക്കളെ ഉറവിടത്തിൽ തന്നെ വേർതിരിച്ച് കൈകാര്യം ചെയ്യുന്നതും ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമാണ്.

1. ആവശ്യത്തിനുമാത്രം ആഹാര സാധനങ്ങൾ കൊണ്ടുവരിക. ഒരു വസ്തുവും പാഴാക്കി കളയാതിരിക്കുക.
2. ആഹാരം, കുടിവെള്ളം എന്നിവ കൊണ്ടു വരുന്നതിന് സ്റ്റെയിൻലെസ് സ്റ്റീൽ പാത്രങ്ങൾ ശീലമാക്കുക, പ്ലാസ്റ്റിക് ഉൾപ്പെടെ ഉള്ള ഡിസ്പോസിബിൾ സാധനങ്ങൾ കർശനമായി ഒഴിവാക്കുക.
3. മാലിന്യത്തെ ജൈവം / അജൈവം / അപകടകരം എന്നിങ്ങനെ മൂന്നായി തരം തിരിച്ച് നിക്ഷേപിക്കുന്നതിന് അതാത് സ്കൂൾ / കോളേജുകളിൽ സംവിധാനം ഒരുക്കുക. ജീവനക്കാരെയും ആയതിന് സജ്ജമാക്കുക.
4. ജൈവമാലിന്യം കംപോസ്റ്റ് ആക്കുന്നതിനു വേണ്ടി കംപോസ്റ്റ് സംവിധാനം സ്കൂൾ / കോളേജുകളിൽ സ്ഥാപിക്കാവുന്നതാണ്. കംപോസ്റ്റ് ഉപയോഗിച്ച് ഗ്രോബാഗ് / ചെടിച്ചട്ടി ജൈവ പച്ചക്കറി കൃഷിയും നടത്താവുന്നതാണ്.
5. പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി തരം തിരിച്ച് ശേഖരിച്ച് പാഴ് വസ്തു വ്യാപാരികളെ ഏൽപ്പിക്കാവുന്നതാണ്.
6. വേസ്റ്റ് പേപ്പറുകൾ (ചുരുട്ടിക്കളയാതെ) ഓരോ ക്ലാസിലും വൃത്തിയായി സൂക്ഷിച്ച് അവ ഓരോ മാസവും സ്കൂൾ / കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതു സംഭരണ കേന്ദ്രത്തിൽ (എം. ആർ. എഫ്) എത്തിക്കുക.

7. ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി മഷി പേനകൾ ശീലമാക്കാം.

8. സ്കൂൾ / കോളേജുകളിൽ നടക്കുന്ന പൊതു പരിപാടികൾ, സ്റ്റാഫ് മീറ്റിംഗുകൾ തുടങ്ങി ഭക്ഷണം വിതരണം ചെയ്യുന്ന എല്ലാ സൽക്കാരങ്ങളിലും അടക്കം പേപ്പർ കപ്പുകൾ, പേപ്പർ പ്ലേറ്റുകൾ, വെള്ളം കുപ്പികൾ, പ്ലാസ്റ്റിക് കവറുകൾ എന്നിവയും ഫ്ലാസ്ക്കുകളും കർശനമായി ഒഴിവാക്കുക. ഭക്ഷണവും വെള്ളവും വീണ്ടും കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളിൽ വിളമ്പുക.

9. അപകടകരമായ മാലിന്യത്തിന്റെ ഗണത്തിൽ വരുന്ന ഇലക്ട്രിക്കൽ / ഇലക്ട്രോണിക്സ് വേസ്റ്റുകൾ വേർതിരിയായി സൂക്ഷിച്ച് വർഷാന്ത്യം അവ പുന: ചംക്രമണത്തിനായി ബന്ധപ്പെട്ട വ്യാപാരികളെ കണ്ടെത്തി കൈമാറണം.

10. സ്കൂൾ / കോളേജുകളിലെ പരിപാടികളിൽ വേദികളിൽ പ്ലാസ്റ്റിക് കുപ്പികൾ ഒഴിവാക്കുക അതിഥികൾക്ക് ഒരു പൂവോ, പുസ്തകമോ മാത്രം നൽകി സ്വീകരിക്കുക. പ്ലാസ്റ്റിക് കവർ ചെയ്ത പൂക്കളും ഫ്ളക്സും പൂർണ്ണമായി ഒഴിവാക്കുക.

11. സ്കൂൾ / കോളേജുകളിലെ എല്ലാ അദ്ധ്യാപകർക്കും ക്ലാസ് ലീഡർമാർക്കും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ശേഷി വികസന ക്ലാസ് ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സണൽ മുഖേന നൽകുകയും, ഗ്രീൻ പ്രോട്ടോക്കോൾ മോണിറ്ററിംഗ് ടീമിനെ തെരഞ്ഞെടുത്ത് ഓരോ മാസവും ഗ്രീൻ പ്രോട്ടോക്കോൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

ഇങ്ങനെ നമുക്ക് "എന്റെ കേരളം സുന്ദര കേരളം" എന്ന സമൂഹ പരിസര സംരക്ഷണ യജ്ഞത്തിൽ പങ്കുചേരാം.

വിദ്യാഭ്യാസ വകുപ്പ്
കേരള സർക്കാർ

പുറത്തെഴുത്ത് കത്ത് നം. എം. 4/80575/16/ഡി.പി.ഐ


പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി: 07.12.2016.

0471-2580595; msndpi@gmail.com.


സർക്കാർ ഉത്തരവ് അറിവിലേക്കും അനന്തര നടപടികൾക്കും ആയി നൽകുന്നു. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി